## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 187** **28/01/2019 ൽ മറുപടിയ്ക്ക്**

### സ്വകാര്യ ട്യൂഷൻ എടുക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ചില സർക്കാർ ഉദ്യോഗസ്ഥർ, ഓഫീസ് സമയത്തും അല്ലാതെയും സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുന്നതിനും മറ്റുമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | ചില സർക്കാർ ഉദ്യോഗസ്ഥർ, ഓഫീസ് സമയത്തും അല്ലാതെയും സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ പഠിപ്പിക്കുന്നതിനും മറ്റുമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിജിലൻസ് സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ 70 പേരോളം ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകൾ വിജിലൻസ് ഡയറക്ടറുടെ പക്കൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ; | | |
| (സി) | എത്ര ഉദ്യോഗസ്ഥർ ഇങ്ങനെ ക്രമവിരുദ്ധമായി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത്; | | |
| (ഡി) | ജനങ്ങൾക്ക് സേവനം നൽകാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അമിത ധന സമ്പാദനത്തിനായി ജോലി സമയത്ത് വിട്ടുനിൽക്കുന്നതും, സ്വകാര്യ ട്യൂഷൻ നൽകുന്നതും കുറ്റകരമാണ് എന്നത് കണക്കിലെടുത്ത്, ഇവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**